**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 49** **16-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ കരയിലെ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ കാലാവസ്ഥാ വ്യതിയാനത്താൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഓരുവെള്ളം കയറി റോഡുകൾ ഗതാഗതയോഗ്യമല്ലാതായതിനെ തുടർന്ന് നവകേരള സദസിലെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയ പ്രസ്തുത റോഡ് നവീകരണം സംബന്ധിച്ച ഉത്തരവ് റദ്ദാക്കിയതിനാൽ ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) ഫണ്ട് വിനിയോഗിച്ച് റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള അനുമതിക്കായി സ്ഥലം എം.എൽ.എ. മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ ഓരുവെള്ളം കയറി തകർന്ന റോഡുകൾ, ജിഡ ഫണ്ട് ഉപയോഗിച്ച് നവീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ഇത്തരത്തിലുള്ള റോഡുകളുടെ നവീകരണം നിലവിൽ ജിഡ ജനറൽ കൗൺസിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളിൽ ഉൾപ്പെടുന്നില്ല. |
| (ബി) | ജിഡ ജനറൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത റോഡ് പ്രവൃത്തികൾക്ക് ജനറൽ കൗൺസിൽ അംഗീകാരം ലഭ്യമാകാത്ത സാഹചര്യവും റോഡുകളുടെ ശോചനീയാവസ്ഥയും കണക്കിലെടുത്ത് പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി ജിഡ ഫണ്ട് വിനിയോഗിക്കുവാൻ പ്രത്യേകാനുമതി ലഭ്യമാക്കാമോ? | (ബി) | ജിഡ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് ജിഡ ജനറൽ കൗൺസിൽ അംഗീകാരം ആവശ്യമാണ്. Town And Country Planning Act 2016 പ്രകാരം ജിഡ ജനറൽ കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 3 വർഷത്തിൽ അധികരിക്കാൻ പാടില്ല. നിലവിൽ ജനറൽ കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 3 വർഷം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ